LIBRARY ARCHIVES Kerala Legislative Assembly

ആരോഗ്യ വകുപ്പിലെ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് II തസ്തിക

38 (1399) ശ്രീ. നജീബ് കാന്തപുരം: താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

ആരോഗ്യ വകുപ്പിലെ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്-II തസ്തികയിലേയ്ക്ക് 12-1-2021-ന് പി.എസ്.സി. നടത്തിയ പരീക്ഷയുടെ റാങ്ക് ലിസ്റ്റ് ഉടൻ പ്രസിദ്ധീകരിക്കുമോ?

ആരോഗ്യ വകുപ്പിലെ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്-II തസ്തികയ്ക്കായി നടത്തിയ പരീക്ഷയുടെ മൂല്യനിർണ്ണയം പൂർത്തിയായിട്ടുണ്ട്. ചുരുക്കപ്പട്ടിക പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് 2 റാങ്ക് ലിസ്റ്റ്

39 (1400) ശ്രീ. യു. എ. ലത്തീഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആരോഗ്യ വകുപ്പിലെ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്2-വിലേക്ക് (കാറ്റഗറി നമ്പർ 421/19) പി.എസ്.സി. നടത്തിയ പരീക്ഷയുടെ മൂല്യ നിർണ്ണയം ആരംഭിച്ചിട്ടുണ്ടോ;

&

(ബി) ഇതിന്റെ റാങ്ക് ലിസ്റ്റ് എന്നത്തേയ്ക്ക് പ്രസിദ്ധീകരിക്കാൻ കഴിയുമെന്ന് അറിയിക്കുമോ?

ആരോഗ്യ വകുപ്പിലെ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്-II തസ്തികയ്ക്കായി നടത്തിയ പരീക്ഷയുടെ മൂല്യനിർണ്ണയം പൂർത്തിയായിട്ടുണ്ട്. ചുരുക്കപ്പട്ടിക പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

ബോട്ട് ഡ്രൈവർ തസ്തികയിലേയ്ക്കുള്ള നിയമനം

40 (1401) ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബോട്ട് ഡ്രൈവർ തസ്തികയിലേയ്ക്കുള്ള നിയമനവുമായി ബന്ധപ്പെട്ട് ശ്രീ.അഭിലാഷ് സി, ചെറിയകത്ത്, പുതിയാപ്പ, പുതിയങ്ങാടി, കോഴിക്കോട് എന്നയാളുടെ നിവേദനം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.